File No.FWLD-F3/190/2019-FWLD

11224
6/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ്-കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2009 ൽ ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽനിന്നും, 2012 ൽ വനശാസ്ത്ര ബിരുദമുള്ളവരിൽനിന്നും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.250/2020/വനം തീയതി,തിരുവനന്തപുരം, 09/10/2020

---

പരാമർശം:- 1) 29/11/1962 ലെ സ.ഉ (കൈ) നം 652/62/പി ഡി.നമ്പർ സർക്കാർ ഉത്തരവ്.

2) 21/10/2010 ലെ സ.ഉ(പി) നം 73/2010/വനം. നമ്പർ സർക്കാർ ഉത്തരവ്.

3) മുഖ്യവനപാലകന്റെ 06.09.2019, 14.11.2019, 23.06.2020 തീയതികളിലെ ഡി1-85293/2019 നം. കത്തുകൾ.

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച, 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് അടിസ്ഥാനമാക്കി റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സയൻസ്/എഞ്ചിനീയറിംഗ് ബിരുദം നേടിയവരിൽ (ഫോറസ്റ്റ് അപ്രന്റീസ്) നിന്നും, അതോടൊപ്പം ഫോറസ്ട്രിയിൽ ബിരുദം നേടിയവരിൽ നിന്നും നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ 2008 ൽ വെവ്വേറെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും രണ്ടു വിഭാഗത്തിനും വെവ്വേറെ റാങ്ക് ലിസ്റ്റുകൾ തയാറാക്കി നിയമന ശുപാർശ നല്കുകയുമുണ്ടായി . 03/06/2009, 21/08/2009 എന്നീ തീയതികളിൽ സയൻസ്/എഞ്ചിനീയറിംഗ് (എഫ് എ കാറ്റഗറി) ബിരുദം നേടിയ 10 പേരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുകയുണ്ടായി .

2) 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് റൂൾ 9 (e) പ്രകാരം, ഫോറസ്റ്റ് അപ്രെന്റിസ് വിഭാഗത്തിൽപ്പെടുന്നവർ കേന്ദ്ര സർക്കാരിനു കീഴിൽ റേഞ്ചേഴ്സ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ശേഷം അവർ വകുപ്പിൽ ഒരു വർഷത്തെ പ്രായോഗിക പരിശീലനം നേടണം. 18 മാസത്തെ റേഞ്ചേഴ്സ് പരിശീലനവും ഒരു വർഷത്തെ പ്രായോഗിക പരിശീലനവും കഴിഞ്ഞു 8 പേർ 19.07.2012 നു സർവീസിൽ പ്രവേശിക്കുകയുണ്ടായി. കേരള പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത 10 പേരിൽ ഒരാളായ ശ്രീമതി പ്രിയ ആർ ദേവി റേഞ്ചേഴ്സ് പരിശീലനവും ഒരു വർഷത്തെ പ്രായോഗിക പരിശീലനവും കഴിഞ്ഞു പിന്നീട് സർവീസിൽ പ്രവേശിക്കുകയുണ്ടായി. മേൽ റേഞ്ച് ഓഫീസമാരുടെ പരിശീലന കാലയളവിൽ റേഞ്ച് ഓഫീസർ തസ്തിക ഗസറ്റഡ് തസ്തികയായി

സർക്കാർ നിശ്ചയിച്ചു. തുടർന്ന് ടി തസ്തിക കേരള ഫോറെസ്റ്റ് സബോർഡിനേറ്റ് സർവീസിൽ നിന്ന് മാറ്റുകയും കേരള ഫോറെസ്റ്റ് സർവീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു കൊണ്ട് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം കേരള ഫോറെസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുകയുണ്ടായി.

3) ഫോറസ്ട്രിയിൽ ബിരുദം നേടിയ 25 പേരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ 30.11.2011, 6.02.2012 തീയതികളിൽ അഡ്വൈസ് ചെയ്യുകയുണ്ടായി. മേൽ അഡ്വൈസ് സമയത്തു കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾ, 2010 പ്രാബല്യത്തിൽ വന്നിരുന്നതിനാൽ ടി 25 പേരെ ടി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പരിശീലനത്തിനായി നിയോഗിക്കുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ശേഷം 21 പേർ 16/08/2014 ൽ വനം വകുപ്പിൽ ജോയിൻ ചെയ്യുകയുണ്ടായി.

4) 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം, പരിശീലന കാലയളവ് പെൻഷൻ, അവധി മുതലായവയ്ക്കുള്ള യോഗ്യതാ സേവനമായി കണക്കാക്കില്ല, എന്നാൽ 2010 ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾ പ്രകാരം പരിശീലന കാലയളവ് അവധി, പെൻഷൻ എന്നിവയ്ക്കായി കണക്കാക്കും. ടി സ്പെഷ്യൽ റൂളിൽ ഫോറസ്റ്റ് അപ്രന്റീസ് ക്വാട്ട പ്രകാരം റേഞ്ച് ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്താൻ വ്യവസ്ഥയില്ല. പരിശീലന കാലയളവ് പഴയ സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഒരു സേവന ആനുകൂല്യങ്ങൾക്കും കണക്കാക്കില്ല എന്നതിനാൽ, 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം, എഫ് എ ക്വാട്ടയിൽ നിയമിതരായ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനം ആരംഭിക്കുന്നത് പരിശീലനത്തിന് ശേഷം വകുപ്പിൽ ചേർന്ന തിയതി മുതലാണ്. എന്നാൽ 2010 ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾ ബാധകമായ, ഫോറസ്ട്രിയിൽ ബിരുദം നേടിയ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനം ആരംഭിക്കുന്നത് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30.11.2011, 6.02.2012 തിയതികളിലെ അഡ്വൈസ് പ്രകാരം വകുപ്പിൽ ചേർന്ന തിയതി മുതലാണ്. അതിനാൽ ഫോറസ്ട്രിയിൽ ബിരുദം നേടിയ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനകാലം തുടങ്ങുന്നത് ഫോറെസ്റ്റ് അപ്രന്റീസ് ആയി നിയമിക്കപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് മുൻപ് വരികയും, ടി സാഹചര്യത്തിൽ ഫോറസ്ട്രിയിൽ ബിരുദം നേടിയ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെയും ഫോറെസ്റ്റ് അപ്രന്റീസ് ആയി നിയമിക്കപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെയും സീനിയോറിറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം മൂന്നിലെ 6.09.2019 തിയതിയിലെ കത്ത് പ്രകാരം മുഖ്യവനപാലകൻ സർക്കാരിനോടാവശ്യപെടുകയും, കേരള പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത തീയതി പ്രകാരം തയാറാക്കിയ റേഞ്ച് ഫോറെസ്റ്റ് ഓഫീസർമാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ കരട് പരാമർശം മൂന്നിലെ 23.06.2020 തിയതിയിലെ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം മൂന്ന് പ്രകാരം ലഭ്യമാക്കിയ റേഞ്ച് ഫോറെസ്റ്റ് ഓഫീസർമാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഫോറെസ്റ്റ് അപ്രന്റീസ് ആയി നിയമിക്കപ്പെട്ട 9 റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ഫോറസ്ട്രിയിൽ ബിരുദം നേടിയ 23 റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ മുകളിലാണ് നൽകിയിട്ടുള്ളത്.1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം, റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നേരിട്ട് നിയമിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഡ്വൈസ് ലിസ്റ്റിൽ ക്രമീകരിച്ചിരിക്കുന്ന ക്രമം അനുസരിച്ച് നിർണ്ണയിക്കപ്പെടും. റേഞ്ച് ഫോറസ്റ്റ് ഓഫീസർ മാരുടെ

സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 2010 ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥകളൊന്നുമില്ല. നിലവിലെ സ്പെഷ്യൽ റൂൾസിൽ സീനിയോറിറ്റിയെക്കുറിച്ച് ഒന്നും പറയാത്തതിനാൽ, ജനറൽ റൂൾസിലെ പ്രസക്തമായ വ്യവസ്ഥകൾ ബാധകമാകും. 1958 ലെ കെ എസ് & എസ് എസ് ആറിലെ ചട്ടം 27 (സി) അനുസരിച്ച് കമ്മീഷന്റെ ശുപാർശയിന്മേൽ ഒരു സർവീസിലുള്ള ഒരു ക്ലാസ്സിലേക്കോ ഗ്രേഡിലേക്കോ നിയമിക്കപ്പെട്ട ഒരാളുടെ സീനിയോറിറ്റി, ശിക്ഷയായിട്ട് അയാളെ ഒരു താഴ്ന്ന റാങ്കിലേക്ക് തരം താഴ്ത്തപ്പെട്ടിട്ടില്ലായെങ്കിൽ, ആ ക്ലാസ്സിലേക്കോ കാറ്റഗറിയിലേക്കോ ഗ്രേഡിലേയ്ക്കോ അയാളെ നിയമിക്കുന്നതിനായിട്ടുള്ള ആദ്യ ഇഫക്ടീവ് അഡ്വൈസ് തിയതി അടിസ്ഥാനമാക്കി നിർണയിക്കേണ്ടതും അങ്ങിനെയുള്ള ഉദ്യോഗാർഥികളുടെ ഒരേ ശുപാർശ ലിസ്റ്റിൽ രണ്ടോ അതിൽ കൂടുതലോ ആളുകൾ ഉൾപെട്ടിട്ടുള്ളപ്പോൾ, അവരുടെ സീനിയോറിട്ടി, കമ്മീഷന്റെ ശുപാർശ ലിസ്റ്റിൽ അവരുടെ പേരുകൾ ക്രമീകരിച്ചിരിക്കുന്ന ക്രമത്തിന് അനുസൃതമായി നിശ്ചയിക്കേണ്ടതാണ്.

6) ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്ത് രണ്ടു വർഷത്തിനു ശേഷമാണ് വനശാസ്ത്ര ബിരുദധാരികളായ ഉദ്യോഗാർത്ഥികളെ പി എസ് സി ശുപാർശ ചെയ്തത്. പരാമർശം (2) ലെ പുതിയ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നില്ലായിരുന്നുവെങ്കിൽ, ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ പരിശീലനത്തിനുശേഷം വനശാസ്ത്ര ബിരുദധാരികളായ ഉദ്യോഗാർത്ഥികൾ പരിശീലനത്തിനുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപേ തന്നെ ജോലിയിൽ പ്രവേശിക്കുമായിരുന്നു. തങ്ങളുടേതല്ലാത്ത കാരണത്താൽ ഇവർക്ക് സീനിയോരിറ്റി നഷ്ടമാകുന്നത് സ്വാഭാവിക നീതി നിഷേധമാകും. അതിനാൽ പരാമർശം മൂന്നിലെ 23.06.2020 തിയതിയിലെ കത്ത് പ്രകാരം ലഭ്യമാക്കിയ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ കരട് സീനിയോരിറ്റി ലിസ്റ്റ് ക്രമപ്രകാരമാണെന്ന് കാണുന്നു.

7) മേൽ സാഹചര്യത്തിൽ ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽ നിന്നും 3/06/2009, 21/08/2009 തിയതികളിലായി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം നിയമിച്ച റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി 1958 ലെ കെ എസ് & എസ് എസ് ആറിലെ ചട്ടം 27 (സി) അനുസരിച്ച്, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 30.11.2011, 06.02.2012 അഡ്വൈസ് പ്രകാരം നിയമിച്ച വനശാസ്ത്ര ബിരുദധാരികളായ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ മുകളിലായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഭരണവിഭാഗം ഉപ മുഖ്യ വനപാലകൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കമ്പോൾ, ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽ നിയമിതയായ ശ്രീമതി പ്രിയ ആർ ദേവി മറ്റുള്ളവരോടൊപ്പം പരിശീലനത്തിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ ടിയൾ പരിശീലനം പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ, കരട് ലിസ്റ്റിൽ ടിയൾക്ക് നൽകിയിരിക്കുന്ന സ്ഥാനം ശരിയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് ആവശ്യമായ ഭേദഗതി പരാമർശം രണ്ടു പ്രകാരം പുറപ്പെടുവിച്ച 2010 ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ വരുത്തുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യവനപാലകൻ, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (21/01/2020 തിയതിയിലെ യു ഒ റിമാർക്സ് നം ഉപദേശ എ3/08/2020/ഉഭപവ)
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2020.10.17 10:58:47 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് - വനംവന്യജീവി (പർലമെന്റ്) വകുപ്പ്.